(എ) റോഡ് സുരക്ഷാ പരിപാടികൾക്ക് ;

(ബി) റോഡ് സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പരിപാടിക്ക് ;

(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന് ;

(ഡി) റോഡ് സുരക്ഷ സംബന്ധിച്ച പദ്ധതികളിലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നൽകുന്നതിന് ;

(ഇ) ട്രോമ-കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും ;

(എഫ്) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക് ;

(ജി) അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന് ;

(എച്ച്) നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിന്

റോഡ് സുരക്ഷാ ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖ അടങ്ങിയ സർക്കുലർ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.* അതോറിറ്റിയുടെ സ്റ്റേറ്റ് ഹോൾഡിംഗ് വകുപ്പുകൾ, മറ്റ് ഏജൻസികൾ എന്നിവർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ ചീഫ് സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് മീറ്റിംഗിലും ഗതാഗത വകുപ്പമന്ത്രി ചെയർമാനായിട്ടുള്ള അതോറിറ്റി മീറ്റിംഗിലും അജണ്ടയായി വയ്ക്കുകയും പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഫണ്ടുകൾ നൽകിവരുകയും ചെയ്യുന്നു.

വാഹന അപകടങ്ങൾമൂലമുള്ള മരണങ്ങളുടെ വർദ്ധനവ്

229 (4564) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന അപകടങ്ങൾമൂലമുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) മോട്ടോർ വാഹന വകുപ്പ് ഡ്രൈവർമാർക്കായി നടത്തിയിരുന്ന ബോധവത്ക്കരണ ക്ലാസ്സുകൾ ഇപ്പോൾ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; മുടക്കം കൂടാതെ ഇത്തരം ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനമോടിക്കുന്നതും ഇതുമൂലമുണ്ടാകുന്ന അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം സംഭവങ്ങൾ തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. റോഡപകടങ്ങൾമൂലമുള്ള മരണനിരക്ക് നേരിയതോതിൽ കുറയുന്നതായാണ് കണക്കുകൾ കാണിക്കുന്നത്.

(ബി) ഇല്ല. മോട്ടോർ വാഹന വകുപ്പ് ഡ്രൈവർമാർക്കായി നടത്തിക്കൊണ്ടിരിക്കുന്ന ബോധവൽക്കരണ ക്ലാസ്സുകൾ നിർത്തിവയ്ക്കാനുള്ള യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല.

(സി) ഉണ്ട്. വാഹനമോടിക്കുന്ന പ്രായപൂർത്തിയാകാത്ത കുട്ടികൾക്കും വാഹനമോടിക്കുന്നതിന് അനുവദിക്കുന്ന വാഹന ഉടമകൾക്കും എതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും, ശക്തമായ താക്കീത്, പിഴശിക്ഷ എന്നിവയിലൂടെയും ഇത്തരം സംഭവങ്ങൾ തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

വടകര-തൊട്ടിൽപാലം ചെയിൻ സർവ്വീസ്

230 (4565) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര-തൊട്ടിൽപാലം ചെയിൻ സർവ്വീസ് കെ.എസ്.ആർ.ടി.സി. ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ബസ്സുകളുടെ കുറവാണ് ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് തടസ്സമെങ്കിൽ എം.എൽ.എയുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ബസ്സുകൾ വാങ്ങി ചെയിൻ സർവ്വീസ് തുടങ്ങുവാൻ സാധിക്കുമോ ;

(സി) ഇക്കാര്യത്തിൽ സർക്കാരിന് ഉറപ്പ് നൽകുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വടകര-തൊട്ടിൽപാലം ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനായി 6 ഷെഡ്യൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബസുകളുടെ കുറവുമൂലം പ്രസ്തുത സർവ്വീസ് ആരംഭിക്കുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി ചെയിൻ സർവ്വീസ് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly